# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## താന്ന്യം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR(P-14)1998/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 09/12/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താന്ന്യം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P-14)1998/2022. തീയ്യതി: 09/12/2022

## തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-10-2021 മുതൽ 08-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-11-2022 | 18-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2022 | 18-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബേബി പി വി., ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ ഒ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അനീറ്റ ഡോമിനിക്, ഓഡിറ്റർ
ശ്രീ.രഞ്ജിത്ത് പി. ആർ.,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രതി അനിൽകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സാബു പി വി | സെക്രട്ടറി | 01-04-2021 | 30-06-2021 |
| അനിൽ കെ.പി. | സെക്രട്ടറി | 01-07-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മനോജ്.എ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| അമ്പിളി.ഐ.ബി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ഹെൻറി നിക്കോളാസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.റെജീന | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ഡോ.ജസ്റ്റിൻ മാമൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.അർച്ചന അശോക് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.സ്നേഹ അഗസ്റ്റിൻ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| പ്രമീന.ഐ.പി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശീതൾ പ്രദീപ്കുമാർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| സീന സി.വി. | ഹെഡ്മിസ്ട്രസ് (ഇൻ ചാർജ്ജ്) | 01-04-2021 | 25-10-2021 |
| ബിന്ദു കെ.ബി. | ഹെഡ്മിസ്ട്രസ് | 26-10-2021 | 31-03-2022 |
| ശ്രീജ വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 11-04-2021 |
| മഞ്ജുഷ ടി.വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 12-04-2021 | 18-07-2021 |
| മായ കെ. ബാബുരാജ് | ഡയറി ഫാം ഓഫീസർ | 19-07-2021 | 21-02-2022 |
| ഷീല ടി.ജി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 22-02-2022 | 31-03-2022 |
| സുരേഷ് ബാബു വി.എസ്. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-10-2021 |
| അൻസിൽ പി.എം. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-11-2021 | 31-03-2022 |
| രശ്മി പി.എസ്. | വി.ഇ.ഒ.(കിഴക്കുമുറി സർക്കിൾ) | 01-04-2021 | 30-09-2021 |
| ഒഴിവ് | വി.ഇ.ഒ.(കിഴക്കുമുറി സർക്കിൾ) | 01-10-2021 | 04-10-2021 |
| ശ്രീദേവി കെ.വി. | വി.ഇ.ഒ.(കിഴക്കുമുറി സർക്കിൾ) | 05-10-2021 | 31-03-2022 |
| ബീന വി.എസ്. | വി.ഇ.ഒ.(താന്ന്യം സർക്കിൾ) | 01-04-2021 | 30-09-2021 |
| ഒഴിവ് | വി.ഇ.ഒ.(താന്ന്യം സർക്കിൾ) | 01-10-2021 | 12-10-2021 |
| സിമി എ.എം | വി.ഇ.ഒ.(താന്ന്യം സർക്കിൾ) | 13-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ, ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)-ഡിസിബി രജിസ്റ്റർ -നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ വ്യത്യാസം | 1-10-2 |
| 13 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല ഗണിതക്രിയയിൽ തന്നെ വ്യത്യാസം | 1-10-3 |
| 14 | വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 15 | ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 16 | വസ്തുനികതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-10-6 |
| 17 | "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു | 1-10-7 |
| 18 | കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-10-8 |
| 19 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല | 1-10-9 |
| 20 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-10-10 |
| 21 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ | 1-10-11 |
| 22 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു | 1-10-12 |
| 23 | സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല | 1-10-13 |
| 24 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-14 |
| 25 | ക്ഷേമപെൻഷൻ- രജിസ്റ്ററിലെ തുക വാർഷികകണക്കിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-10-15 |
| 26 | റീകൺസീലിയേഷൻ പത്രിക-"Cheques Deposited But Not Credited" ആയി തുകകൾ ഉൾപ്പെട്ടിട്ടുണ്ട് | 1-10-16 |
| 27 | പാർട്ട് ബിൽ നൽകിയതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത പ്രോജക്ടുകളൊന്നും ലെഡ്ജറിൽ ഉൾപെടുത്തിയിട്ടില്ല | 1-10-17 |
| 28 | വായ്പരജിസ്റ്ററിലെ സംക്ഷിപ്തം വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-10-18 |
| 29 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് പൊതു വിപണന കേന്ദ്രങ്ങൾ, കള്ളുഷാപ്പുകൾ, മത്സ്യ മാംസ വിപണന കടകൾ പ്രവർത്തിക്കുന്നു | 1-11 |
| 30 | പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തി ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി | 1-12 |

| | | |
|---|---|---|
| | ഈടാക്കിയില്ല | |
| 31 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-13 |
| 32 | വസ്തു നികുതി- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയിൻമേൽ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-14 |
| 33 | കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല | 1-15 |
| 34 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി | 1-16 |
| 35 | പഠന മുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-17 |
| 36 | ലൈഫ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-18 |
| 37 | മെഡിക്കൽ ഓഫീസർ (ഹോമിയോ)നടപ്പാക്കിയ പ്രോജക്ടുകൾ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-19 |
| 38 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ | 1-20 |
| 39 | മഴക്കാല പൂർവ്വശുചീകരണം - ഏതാനും വാർഡുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1 -21 |
| 40 | നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 1-22 |
| 41 | എസ്.സി കട്ടിൽ വിതരണം - കട്ടിൽ വിതരണം നടത്തി അറിയിക്കേണ്ടതാണ്. | 1-23 |
| 42 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - ധനവിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ് | 1-24 |
| 43 | അംഗൻ വാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. | 1-25 |
| 44 | വാഹനം വാങ്ങിയതിന്റെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ് | 1-26 |
| 45 | ചെമ്മാപ്പിള്ളി തൂക്കുപാലം - അറ്റകുറ്റ പണി - ഗ്യാരണ്ടി സംബന്ധിച്ച് കരാറിലേർപ്പെടേണ്ടതാണ് | 1-27 |
| 46 | തെരുവു വിളക്ക് - രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. | 1-28 |
| 47 | ഡെപ്പോസിറ്റ് പ്രവൃത്തി - പണി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് ലഭ്യമല്ല. | 1-29 |
| 48 | അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം | 1-30 |
| 49 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-31 |
| 50 | ജൈവ പച്ചക്കറി -പന്ത്രണ്ടിന-മാർഗ്ഗനിർദ്ധേശങ്ങൾ പാലിക്കണം. | 1-32 |
| 51 | ഡോഗ് ലൈസൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-33 |
| 52 | ലോഗ് ബുക്ക് പരിപാലനം - അപാകതകൾ | 1-34 |
| 53 | പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു വിവരങ്ങൾ | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 18.02.2021, 16(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 180609000 | 180156946 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 23.03.2022, 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 247410673 | 239823622 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 26-05-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24773492 |
| വരവ് | 91970294 |
| ആകെ | 116743786 |
| ചെലവ് | 90751768 |
| നീക്കിയിരിപ്പ് | 25992018 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13927642 | 13927642 | 13447087 | 480555 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9123774 | 9123774 | 9116992 | 6782 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8037000 | 8037000 | 7932576 | 104424 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5797051 | 5797051 | 5736680 | 60371 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)Tied | 0 | 7501739 | 7501739 | 4132068 | 3369671 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) Untied | 0 | 3008909 | 3008909 | 3008013 | 896 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 187 | 127821987 | 142 | 61916287 | 15 | 30 | 75.93 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3 | 774967 | 774970 | 774954 | 16 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27595296 | 27595296 | 27595296 | 0 |

### 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവുതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 1200 | 1 |
| കർഷകതൊഴിലാളിപെൻഷൻ | 7967300 | 526 |
| വിധവാപെൻഷൻ | 21311900 | 1400 |
| വാർദ്ധക്യകാലപെൻഷൻ | 46985800 | 3278 |
| വികലാംഗപെൻഷൻ | 5347800 | 351 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2758000 | 178 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000* | 5 |

* വാർഷികകണക്കുമായുള്ള വ്യത്യാസം ഖ.1-10-15 ൽ അന്യത്ര പരാമർശിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2022 തീയതിയിൽ 3.12 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6656/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ വൗച്ചറുകളും രജിസ്റ്ററുകളും ഏറെകുറെ കൃത്യതയോടെ പരിപാലിച്ചിട്ടുണ്ട്. രജിസ്റ്ററുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് സ്ഥല പരിമിതിയുണ്ടെങ്കിലും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നു. ഇരിപ്പിട സൗകര്യം, കുടിവെള്ള സൗകര്യം, ടോക്കൺ സമ്പ്രദായം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട് . പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്കിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തത്തിൽ കൺട്രോളിംഗ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. സെക്രട്ടറിയുടെ പേരിൽ 20/8/2018ൽ ദുരിതാശ്വാസ നിധിയ്ക്ക് വേണ്ടി ഒരു ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും (താന്ന്യം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക്) ആയതിൽ ഇടപാടുകൾ ഒന്നും നടക്കുന്നില്ല. വർഷം തോറും പലിശ ഉക ക്യാരി ഓവർ ചെയ്യുകയാണ്. 30.9.2021-ൽ 169641/ – നീക്കിയിരുപ്പുണ്ട്. ഗ്രാമ പഞ്ചായത്തിൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പോരായ്മകൾ പരിഹരിക്കുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-10-1 അടിസ്ഥാന അനുപാതങ്ങൾ, ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))
2. സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-10-2 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)-ഡിസിബി രജിസ്റ്റർ -നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ വ്യത്യാസം

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് ഉക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ ഉകകൾ പൊരുത്തപ്പെടേണ്ടതാണ്.

തൻവർഷം (റെസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 3217014 | 3174364 | 44384 | 11445 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3217014 | 3174364 | 44384 | *11447 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | | |
|---|---|---|---|---|
| | | | ലെഡ്ജർ) | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത ഉകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി ഉക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല ഗണിതക്രിയയിൽ തന്നെ വ്യത്യാസം

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1752044 | 1706342 | 51592 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1752044 | 1706342 | 51592 | *0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത ഉകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി ഉക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-4 വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 10419 | 0 | 10419 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *10430 | 0 | **10430 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (..../105X100) |

1. ഡിമാന്റ് ഉക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത ഉകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ ഉകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 1-10-5 ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 163938 | 532 | 164470 | 160657 | 0 | 160657 | 2835 | | 574 | 532 | 1106 |
| | നോൺ-റെസിഡൻഷ്യൽ | 88233 | 0 | 88233 | 85718 | 0 | 85718 | 2730 | | 0 | 0 | 0 |
| | ആകെ | | | 252703 | | | 246375 | 5565 | | | | 1106 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 253231 | | | 246375 | | | | 252125 | 1106 | | |
| | | (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies. | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt. Cess/levies | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | |
|---|---|---|---|---|
| | ലെഡ്ജർ 2021-22) | | ലെഡ്ജർ 2021-22) | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 246375/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട തുകയുമല്ല, മറിച്ച് 252125 രൂപയാണ്.(വൗച്ചർ 42100196, 42100197, 42100201, 42100206, 42100207തീ 31.03.2022 (160657+2835+85718+2730+185=))

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 22970 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 1094 (22970/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1106രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-6 വസ്തുനികുതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) . പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‍ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ താന്ന്യം ഗ്രാമപഞ്ചായത്തിൽ 136പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ (01.04.2021) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ , എഴുതി തള്ളൽ ഉടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-7 “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തുനികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു. അതിൽ 1640 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|
| 42100208 | 31.03.2022 | 1640 |

## 1-10-8 കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) . പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‍ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‍ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ശീർഷകം | | | |
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 43416 | 01.04.2021 | 42100287 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-9 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

- തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
- തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
- ഡി.&ഒ ഡിമാന്റ് രജിസ്റ്റർ
- വാടക ഡിമാന്റ് രജിസ്റ്റർ
- ലൈബ്രറി രജിസ്റ്റർ
- പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
- ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-10 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-11 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 1640 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (2860) |
| 280200201-Prior Period Income-License Fees | 550 |
| 280200401-Prior Period Income-Other Income | 1678165 |
| 280100102-Prior Period Income-Profession Tax – Institutions/ Professionals/ Traders | (4300) |
| 280800701-Prior Period-Miscellaneous Expenses | 2258452 |

## 1-10-12 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും

സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-13 സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 1209933 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

15.1സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

### 1-10-14 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1218526/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8753478/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-15 ക്ഷേമപെൻഷൻ- രജിസ്റ്ററിലെ തുക വാർഷികകണക്കിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം, സെക്രട്ടറിയുടെ ബിൽബുക്ക്, രജിസ്റ്റർ എന്നിവ പ്രകാരം 150000 രൂപയാണ്. എന്നാൽ വാർഷികകണക്ക് പ്രകാരം 120000 രൂപയാണ്.

### 1-10-16 റീകൺസീലിയേഷൻ പത്രിക-“Cheques Deposited But Not Credited” ആയി തുകകൾ ഉൾപ്പെട്ടിട്ടുണ്ട്

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം “Cheques Deposited But Not Credited” ആയി തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു.

| ബാങ്ക് | ശീർഷകം | വൌച്ചർ നം./തീയതി | തുക |
|---|---|---|---|
| SBI | 450610110 | 121160900105/ 30.09.2021 | 1957 |
| TPSCB/3285 | 450230101 | 121160900023/2.9.2021 | 189 |
| | | 121160900024/2.9.2021 | 266 |
| | | 121160900025/2.9.2021 | 1524 |
| | | 121160900026/2.9.2021 | 144 |

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

### 1-10-17 പാർട്ട് ബിൽ നൽകിയതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത പ്രോജക്ടുകളൊന്നും ലെഡ്ജറിൽ ഉൾപെടുത്തിയിട്ടില്ല

പാർട്ട് ബിൽ നൽകിയതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത പ്രോജക്ടുകളൊന്നും ‘Capital Work In Progress’ ലെഡ്ജറിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ:- പ്രൊജക്റ്റ് നമ്പർ 104/22 – തുക – 121500/-
പ്രൊജക്റ്റ് നമ്പർ – 144/22- തുക – 783274/-

### 1-10-18 വായ്പരജിസ്റ്ററിലെ സംക്ഷിപ്തം വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

വായ്പരജിസ്റ്ററിലെ സംക്ഷിപ്തം വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| . | വാർഷികകണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന വായ്പ തുക | 8072602 | 5072602 |
| തൻവർഷം തിരിച്ചടച്ച തുക | 1642666 | 1642666 |
| വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | 6429936 | 3429936 |

### 1-11 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് പൊതു വിപണന കേന്ദ്രങ്ങൾ, കള്ളുഷാപ്പുകൾ, മത്സ്യ മാംസ

## വിപണന കടകൾ പ്രവർത്തിക്കുന്നു

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് പൊതുവിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു:

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/16.11.2022), ടി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊതു വിതരണ കേന്ദ്രങ്ങൾക്ക്, ലൈസൻസ് എടുക്കേണ്ടതാണെന്നറിയിച്ചുകൊണ്ട്, 13.10.2021 തീയതിയിൽ കത്തയച്ചെങ്കിലും നാളിതുവരെ ലൈസൻസിനായി അപേക്ഷിച്ചിട്ടില്ലെന്നും മേൽ വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ട് റേഷൻ ഓഫീസർക്ക് കത്ത് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു:

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.139 പ്രകാരം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 6 കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/16.11.2022), ടി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 6 കള്ള് ഷാപ്പുകൾക്കും, ലൈസൻസ് എടുക്കേണ്ടതാണെന്ന് 13.10.2021 തീയതിയിൽ കത്ത് മുഖേന അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ലെന്നും കള്ളുഷാപ്പുകളുടെ ഉടമസ്ഥനായ എൻ.വി വിപിൻ എന്ന വ്യക്തിക്ക്, 11.05.2022, 24.05.2022 എന്നീ തീയതികളിലായി വീണ്ടും നോട്ടീസ് നൽകിയെങ്കിലും ലൈസൻസ് എടുക്കുന്നതിന് നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ലൈസൻസ് ഇല്ലാത്ത പക്ഷം കള്ളുഷാപ്പുകൾക്ക് അബ്കാരി ലൈസൻസ് അനുവദിക്കരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് റേഞ്ച് ഓഫീസർക്ക് കത്ത് നൽകുന്നതാണെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് മത്സ്യ മാംസ വിപണന/സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 45 പ്രകാരം മത്സ്യ സംഭരണ/ വിപണന കടകൾ, ക്രമ നം. 130 പ്രകാരം കോഴി, പന്നി, ആട് സംഭരണ / വിപണന കടകൾ എന്നിവക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021- 22 സാമ്പത്തിക വർഷത്തെ FTEAOS രജിസ്റ്റർ പരിശോധിച്ചതിൽ, മേൽ പരാമർശിച്ച തരത്തിലുള്ള സ്ഥാപനങ്ങളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ടി പഞ്ചായത്ത് പരിധിയിൽ, പതിമൂന്നോളം മത്സ്യ മാംസ സംഭരണ/ വിപണന കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ ജൂലി രാജു എന്നവരുടെ ഉടമസ്ഥതയിലുള്ള ഒരു ചിക്കൻ സ്റ്റാൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളുവെന്നും ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വിഷയങ്ങളിലെ തുടർനടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തി ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ ജോലി താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | പ്രദീപ്കുമാർ കെ ബി, കിഴക്കുമുറി | I & II |
| 2 | റജി ടി എ, അവിണിശ്ശേരി | II |
| 3 | ഹരീഷ് കുമാർ എ, അന്തിക്കാട് | I & II |
| 4 | ലിജോ ജോണി, ചിറക്കൽ | I & II |
| 5 | സ്മിത വി ആർ, അന്തിക്കാട് | II |
| 6 | ജയപ്രകാശൻ വി എസ്, വടക്കുപറമ്പിൽ | II |
| 7 | എം ടി സെബാസ്റ്റ്യൻ, അന്തിക്കാട് | II |
| 8 | അനീഷ് സി എസ്, കരുമല്ലൂർ | II |
| 9 | ശരത്ത് വി, അന്തിക്കാട് | II |
| 10 | വിജയൻ ടി കെ, മതിലകം | II |
| 11 | തരുൺ ടി എസ്, പഴുവിൽ | II |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 18/16.11.2022), മേൽ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മേൽ ചട്ടങ്ങളിലെ, ചട്ടം 10(1) പ്രകാരം, ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളും, മേഖലകളുടെ തരം തിരിവും, റോഡുകളുടെ തരം തിരിവും യഥാക്രമം 4-ഉം, 7-ഉം, 8-ഉം ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച് പ്രസിദ്ധീകരിച്ച് കഴിഞ്ഞതിന ശേഷം , കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയും വാർഷികവസ്തുനികുതിയും കെട്ടിട ഉടമകൾക്ക് സ്വയം നിർണ്ണയിക്കാൻ സഹായകരമായ വിവരങ്ങളടങ്ങിയ ഒരു പൊതു നോട്ടീസ് കേരള പഞ്ചായത്ത് രാജ് നിയമം, 203(10)-ആം ഉപവകുപ്പ് പ്രകാരം സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

2008 ഏപ്രിൽ 24 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണ്, പഞ്ചായത്ത് പ്രദേശത്തെ, വികസനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളായും, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വിവിധ റോഡുകളായും തരംതിരിച്ചിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നമ്പർ 19/16.11.2022). എന്നാൽ നികുതി അടവാക്കി വരുന്ന ചില കെട്ടിടങ്ങളുടെ സഞ്ചയയിൽ നിന്നുള്ള ഫോം -6 പരിശോധിച്ചതിൽ നിന്നും ഒരേ റോഡുകളെ തന്നെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി വ്യത്യസ്ത നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതായി കാണുന്നു. 13 ാം വാർഡിലെ പരിശോധനയിൽ കണ്ട ഏതാനും ഉദാഹരണങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

| ക്രം നം | കെട്ടിട നമ്പർ | പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 13/118 | ജയൻ ഒളാട്ട് | ഭഗത്സിങ്ങ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 13/118 B | ജയൻ ഒളാട്ട് | ഭഗത്സിങ്ങ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 2 | 13/132 | ജോൺസൺ വാലിക്കോട്ടത്ത് | ചർച്ച് റോഡ്-വടക്കുമുറി | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 13/134 | ജോൺസൺ വാലിക്കോട്ടത്ത് | ചർച്ച് റോഡ്-വടക്കുമുറി | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 3 | 13/143 | സിന്ദു പൊലിയേടത്ത് | ഗോപാലമേനോൻ റോഡ്-വലിയവളപ്പ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 13/143 A | സിന്ദു പൊലിയേടത്ത് | ഗോപാലമേനോൻ റോഡ്-വലിയവളപ്പ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 4 | 4/171 A | സന പുതുശ്ശേരി | തൃശ്ശൂർ- തൃപ്രയാർ റോഡ് | 5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 4/178 | അഷറഫ് ശാന്തിപുരത്ത് | തൃശ്ശൂർ- തൃപ്രയാർ റോഡ് | 5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവം സമാഹരിക്കുന്നത് പ്രധാനമായും നികുതികളിലൂടെയാണ്. ഇത് പൂർണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ സേവന പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതികളിലെ

പ്രധാനപ്പെട്ട വസ്തുനികുതി കുറ്റമറ്റ രീതിയിൽ നിർണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതുണ്ട്. മേൽ സൂചിപ്പിച്ച രീതിയിലുള്ള നികുതി നിർണ്ണയം നികുതി ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട്. നികുതിനിർണയത്തിന് ചട്ടത്തിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അടിയന്തിര പ്രാധാന്യത്തോടെ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വസ്തു നികുതി- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയിൻമേൽ നടപടികൾ സ്വീകരിച്ചിട്ടില്ല

പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 10.12.2021 ലെ തീരുമാനം 10 പ്രകാരം, പഞ്ചായത്തിലെ ഒട്ടുമിക്ക വീടുകളും നികുതി നിർണ്ണയിച്ച സമയത്തെ വിസ്തൃതിയിൽ നിന്നും കൂട്ടിപ്പണിത് തറവിസ്തീർണ്ണം വർദ്ധിച്ച അവസ്ഥയിലാണ് കാണുന്നതെന്നും എന്നാൽ ഈ വീടുകളുടെ നികുതി പഴയ നിരക്കിൽ തന്നെയാണ് ഈടാക്കുന്നതെന്നും ഇത്തരത്തിൽ വീട് പുതുക്കിപ്പണിതിട്ടും പഴയ നിരക്കിൽ നികുതി ഈടാക്കി വരുന്ന വീടുകളുടെ നികുതി, പുനർ നിർണ്ണയിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിലേക്കായി, പഞ്ചായത്ത് ജനറൽ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്. ആയതിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(27/17.11.2022), 2013 ലെ നികുതി നിർണ്ണയത്തിന ശേഷം പുതുക്കിപ്പണിതിട്ടുള്ള കെട്ടിടങ്ങളുടെ നികുതി, ഫീൽഡ് സ്റ്റാഫുകളുടെ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് പുനർ നിർണ്ണയിക്കുന്നുണ്ടെന്നും വസ്തു നികുതി ഭേദഗതി നടപ്പിലാക്കേണ്ടതിന് സർക്കാർ തലത്തിൽ കൃത്യമായ നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ലെന്നും ഉത്തരവ് ലഭിക്കുന്ന മുറക്ക് വ്യാപക പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 162 എ(1) പ്രകാരം, നികുതികളുടെ കൃത്യമായ നിർണ്ണയവും പിരിച്ചെടുക്കലും പൂർണ്ണമായും നികുതി പിരിച്ചെടുക്കുന്നു എന്ന് ഉറപ്പാക്കലും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയാണ്. പഞ്ചായത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി പാസാക്കുന്ന ഓരോ പ്രമേയവും പഞ്ചായത്ത് ഭരണസമിതിയുടെ അടുത്ത യോഗത്തിൽ വെക്കേണ്ടതും ആവശ്യമെങ്കിൽ പ്രമേയം ഭേദഗതി ചെയ്യേണ്ടതുമാണ് (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(3). എന്നാൽ പ്രസ്തുത പ്രമേയം, 10.12.2021 ന് ശേഷം നടന്ന ഭരണസമിതി യോഗത്തിൽ വെക്കുകയോ ഭേദഗതി ചെയ്യുകയോ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ മേൽ പ്രമേയത്തിൻമേൽ യാതൊരു തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അനുവാദമില്ലാതെ നിർമ്മാണം നടത്തിയ ധാരാളം കെട്ടിടങ്ങൾ, പഞ്ചായത്തിൽ നിലവിലുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇതുമൂലം പഞ്ചായത്തിന് വൻതോതിലുള്ള വരുമാന നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 92, പ്രകാരം അനുമതിയില്ലാതെ നടത്തിയ നിർമ്മാണങ്ങളുടെയും വ്യതിയാനങ്ങളുടെയും ക്രമവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമവൽക്കരണത്തിനുള്ള അധികാരം, ഇത്തരം നിർമ്മാണങ്ങൾ കണ്ടെത്തുകയോ തടയുകയോ ചെയ്യുന്നതിനുള്ള ഉത്തരവാദിത്തത്തിൽ നിന്നും സെക്രട്ടറിയെ വിമുക്തനാക്കുന്നതല്ല. ഗ്രാമപഞ്ചായത്തിന്റെ നികുതി ശേഖരണം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയായിരിക്കെ, നികുതി ചോർച്ചക്ക് കാരണമാകുന്ന മേൽ വസ്തുതകൾ കണ്ടെത്തി തടയാൻ കഴിയാഞ്ഞത് പരിശോധിക്കേണ്ടതാണ്. നികുതി നിർണ്ണയത്തിന് ചട്ടത്തിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് പൂർണ്ണമായും നികുതി ചുമത്തപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതിനായി അടിയന്തിര പ്രാധാന്യത്തോടെ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ, വി.ഇ.ഒ നടപ്പിലാക്കിയ SC വിദ്യാർത്ഥികൾക്ക് പഠനമുറി നൽകൽ പദ്ധതി പ്രകാരം, താഴെ പറയുന്ന വ്യക്തികളുടെ വീടുകൾക്ക്, 120 Sq.ft (11.14 ച.മീ) വിസ്തീർണ്ണം വരുന്ന പഠനമുറി നിർമ്മിച്ചു നൽകിയിരുന്നു. ആയതിനാൽ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിൽ വ്യത്യാസം വന്നിട്ടുള്ളതാണ്. ഇതു പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല.

| വർഷം | പദ്ധതി നം | കെട്ടിട നം. | പേര് | നിലവിൽ ഉണ്ടായിരുന്ന തറവിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|
| 2021-22 | 76/22 | 1/410 A | ഷിജി കോല്ലംതറവാട്ടിൽ | 60 |
| 2021-22 | 76/22 | 5/384 | രഞ്ജിതൻ പൊലിയേടത്ത് | 56 |
| 2021-22 | 76/22 | 15/176 A | ഷൈലജ ആലത്തി | 53.8 |
| 2021-22 | 156/22 | 10/251 | ബാലകൃഷ്ണൻ കിഴപ്പിള്ളിക്കര | 51.84 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 30/18.11.2022), വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി, എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നൽകൽ പദ്ധതിയിൽ ഉൾപ്പെട്ട്, ആനുകൂല്യം കൈപ്പറ്റിയ എല്ലാ അപേക്ഷകരുടെയും കെട്ടിടനികുതി പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ

ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു പ്രക്രിയ നടക്കുന്നില്ല. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിക്കാൻ ഇടയാകുന്നതായി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ ബേസ് പരിശോധിച്ചപ്പോൾ വ്യക്തമായി. പഞ്ചായത്തിലെ മരണം രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടിയുള്ള ഏതാനും അപേക്ഷകൾ (രജിസ്റ്റർ നം 75/2021 മുതൽ 100/2021 വരെയുള്ളത്) പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് മരണ ശേഷവും പെൻഷൻ തുക നൽകി വരുന്നതായി കാണുന്നു.

| രജി. നം. | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | പെൻഷൻ തരം | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം |
|---|---|---|---|---|---|
| 81/21 | ജോൺ പി ജെ | 10.06.2021 | 107630201038 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/2021-09/2022 |
| 85/21 | രവി സി കെ | 28.05.2021 | 107610202198 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 06/2021-09/2022 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. താന്ന്യം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/18.11.2022), സഹകരണ സ്ഥാപനങ്ങൾ മുഖേന സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളിൽ മരണപ്പെട്ടവരുടെ വിവരങ്ങൾ ലഭ്യമാക്കുവാനും മരണപ്പെട്ടവരെ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മരണശേഷവും പെൻഷൻ തുക ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. താന്ന്യം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും, എന്നാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതുമാണ്. പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-17 പഠന മുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ - വി.ഇ.ഒ. കിഴക്കുമുറി സർക്കിൾ

1)

| | |
|---|---|
| പ്രൊജക്ട് നമ്പർ | - 76/22 |
| | പഠന മുറി (എസ്.സി) |
| ചെലവ് | - 902407/-(വികസന ഫണ്ട്-എ,സ്.സി.പി) |

വി.ഇ.ഒ. നിർവ്വഹണം നടത്തിയ പഠന മുറി നിർമ്മാണം പദ്ധതിയിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | കൈമാറിയ തുക | ബിൽ നം. / തീയതി | നിർമ്മാണ ഘട്ടം |
|---|---|---|---|---|
| 1 | നിഹാർ സി.വി, ചെമ്പപ്പുള്ളി | 102407/-(50000+ 52407) | 37/10.3.22, 41/30.3.22 | തറപണി |
| 2 | നിതിൻ കെ.എസ്, കോലോംതറവാട്ടിൽ | 50000 | 41/30.3.22 | ലിന്റൽ |
| 3 | കൃഷ്ണ പ്രിയ പെണ്ണാട്ട് | 150000 (50000 * 3) | 31/21.2.22, 37/16.3.22, 41/30.3.22 | മെയിൻ വാർപ്പ് |

(ഓഡിറ്റ് എൻക്വയറി നമ്പർ. 9/ 14.11.2022)

ടി ഗുണഭോക്താക്കൾ എത്രയും പെട്ടെന്ന് പഠനമുറി പൂർത്തീകരിക്കുമെന്നാണ് മറുപടി നല്കിയിട്ടുള്ളത്.

2) 153/22- എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി ആതിര രാജൻ, പുഴയ്ക്കൽ വീട് എന്ന

ഉണഭോക്താവിന് 50,000/- രൂപ (ബിൽ നം. 19/ 25.12.21) കൈമാറിയിട്ടുണ്ട്. ടിയാരി നാളിതു വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ വിഷയം 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-35. ൽ സൂചിപ്പിച്ചിട്ടുള്ളതാണ്. (കരാർ തീയതി 6.9.2019)

(ഓഡിറ്റ് എൻക്വയറി നമ്പർ. 9/ 14.11.2022)

ടിയാരിക്ക് അപകടം സംഭവിച്ച് ശസ്ത്രക്രിയ ചെയ്യേണ്ടി വന്നതിനാലാണ് നിർമ്മാണം വൈകിയതെന്നും 2023 ൽ നിർമ്മാണം പൂർത്തീകരിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

പഠന മുറി പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-18 ലൈഫ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | - 72/22 |
| | ലൈഫ് പദ്ധതി - ഭവന നിർമ്മാണം (എസ്.സി) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ., താന്ന്യം സർക്കിൾ |

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | കൈമാറിയ തുക |
|---|---|---|
| 1 | ശ്രീവിദ്യ പുതിയേടത്ത് | 3,00,000/- |
| 2 | സജിനി ചോഴി പറമ്പിൽ | 40,000/- |
| 3 | സുധീഷ് കളിച്ചത്ത് | 40,000/- |
| 4 | സനീഷ് പട്ടാട്ട് | 2,00,000/- |
| 5 | ബിജിമോൾ സങ്കാട്ടുകര | 40,000/- |
| 6 | ശോഭന ചാഴുവീട്ടിൽ | 2,00,000/- |
| 7 | താര വടക്കുംതുള്ളി | 3,00,000/- |
| 8 | സൗമ്യ തച്ചമ്പുള്ളി | 3,00,000/- |
| 9 | തങ്ക കാട്ടികൊലത്ത് | 3,00,000/- |
| 10 | സ്മിത പുതുവീട്ടിൽ | 3,00,000/- |
| 11 | ശ്രീമോൾ ചക്കാണ്ടി | 3,00,000/- |
| 12 | നിഖിത തേർവീട്ടിൽ | 2,00,000/- |
| 13 | സൈഗാൾ കണക്കന്ത്ര | 2,00,000/- |

മേൽ ഗുണഭോക്താക്കളുടെ വീട് പണി പുരോഗമിക്കുന്നുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഭവന നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 9/ 14.11.2022)

## 1-19 മെഡിക്കൽ ഓഫീസർ (ഹോമിയോ)നടപ്പാക്കിയ പ്രോജക്റ്റുകൾ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം. 44/22 – ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 2,50,000/-
ചെലവ് : 2,50,000/-
ബിൽ നം. 1/29.10.2021 – 2,00,000/-
വൗച്ചർ നം. 22100800/ തീ 28.10.2021 – 50,000/-

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം 2,50,000/- രൂപയ്ക്ക് ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ 1,56,456/- രൂപയ്ക്ക് മാത്രമേ മരുന്നുകൾ ലഭിച്ചിട്ടുള്ളൂ. ബാക്കി 93,544/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 22/17-11-2022)

## 1-20 മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)നടപ്പിലാക്കിയ പ്രോജക്റ്റുകളിലെ അപാകങ്ങൾ

1. 2021-22 സാമ്പത്തിക വർഷത്തെ മെഡിക്കൽ ഓഫീസറുടെ ക്യാഷ് ബുക്ക് ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്റ്റ് നം. 40/22 – കോവിഡ് നിയന്ത്രണം – കണ്ടിജൻസി – ബോധവത്ക്കരണം
അടങ്കൽ : 50000
ചെലവ് : 49717
വൗച്ചർ നം. 22101350/ തീ 19.02.2022
ചെലവഴിച്ച തുകയിൽ 44917/- രൂപയുടെ രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ, 4800/- രൂപയുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. പ്രോജക്റ്റ് നം. 115/22 – കോവിഡ് പ്രതിരോധപ്രവർത്തനം-ചികിത്സാഉപകരണങ്ങളും അനുബന്ധസാധനങ്ങളും വാങ്ങൽ
അടങ്കൽ: 600000
ചെലവ് :70258
വൗച്ചർ നം. 22101351/ തീ 27.02.2022
സെൻട്രൽ സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 60788/- രൂപയുടെ ആശുപത്രിയിലേക്കാവശ്യമായ വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. 1176 തീ. 29.07.2021). ടെണ്ടർ രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും ആയതിൽ മൂന്ന് സ്ഥാപനങ്ങളുടെ പേരുകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എത്ര രൂപയാണ് മറ്റ് സ്ഥാപനങ്ങൾ ക്വോട്ട് ചെയ്തത് തുടങ്ങിയ വിവരങ്ങളൊന്നും രജിസ്റ്ററിൽ ഇല്ല. ടെണ്ടർ നടപടികൾ കൈക്കൊണ്ടതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

4. പ്രോജക്റ്റ് നം. 39/22 – പകർച്ചവ്യാധി പ്രതിരോധം- ദേശീയ ആരോഗ്യ പരിപാടി ശാക്തീകരണം
അടങ്കൽ : 40000
ചെലവ് : 37660
വൗച്ചർ നം. 22101595/ തീ 31.03.2022 – 4500
വൗച്ചർ നം. 22101604/ തീ 31.03.2022 – 16580
വൗച്ചർ നം. ലഭ്യമായില്ല – 16580
ചെലവഴിച്ച തുകയിൽ 21080/- രൂപയുടെ ചെലവു രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 16580/- രൂപയുടെ ചെലവു രേഖകൾ ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ലഭ്യമാകുന്നതുവരെ 82168/- (4800+60788+16580) രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1 -21 മഴക്കാല പൂർവ്വശുചീകരണം - ഏതാനും വാർഡുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

Vr.No.22100184. Dtd. 20.5.21. 180000/ -(10000*18)

Vr.No.22100185. Dtd.3.6.21. 90000/ – (5000*18)

മഴക്കാല പൂർവ്വ ശുചികരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ ഫണ്ട് 180000/ -തനത് ഫണ്ട് 90000/ - ഉൾപ്പെടെ മേൽ പറഞ്ഞിരിക്കുന്ന വൗച്ചറുകൾ പ്രകാരം 270000/- രൂപ മെഡിക്കൽ ഓഫീസർക്ക് നല്കിയിട്ടുണ്ട്. പഞ്ചായത്തിലെ 18വാർഡുകൾക്ക് തുല്യമായാണ് തുക അനുവദിച്ചിട്ടുള്ളത്. വാർഡ് നമ്പർ 7,8,17,18 എന്നിവയുടെ ചെലവ് രേഖകൾ യാതൊന്നും ഹാജരാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസർ ധനവിനിയോഗ സാക്ഷ്യപത്രവും പഞ്ചായത്തിന് നല്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ (4*15000) 60000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.9/19.10.22.)

## 1-22 നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

പ്രോജകട് നം. -S0042/22.
ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയുർവ്വേദം.
ട്രഷറി ബിൽ നം.41/2021 -22.dtd. 4.10.22. 425700/ -(ആയുർധാര)
ട്രഷറി ബിൽ നം.42/2021 -22. Dtd. 4.10.22. 174300/ -(ഔഷധി)
ട്രഷറി ബിൽ നം.52/2021 -22. Dtd. 20.2.22. 200000/ -(ഔഷധി)
ആയുർവേദ ആശുപത്രിയ്ക്ക മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിൽ മൊത്തം 8 ലക്ഷം രൂപയ്ക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ഉള്ള നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സ.ഉ.(കൈ) നം.22/2018.തി.14.2.2018 ഖണ്ഡിക7.5.3.പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്ന് വാങ്ങാൻ പാടില്ലാത്തതാണ്. ഓഡിറ്റ് എൻക്വയറി നം.2/2022.dtd.10.11.22. NAC ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. എൻ.എ.സി. പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 എസ്.സി കട്ടിൽ വിതരണം - കട്ടിൽ വിതരണം നടത്തി അറിയിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | - 20/22 |
| | കട്ടിൽ വിതരണം (എസ്.സി) |
| ചെലവ് | - 210572/-(വികസന ഫണ്ട്-എസ്.സി.പി) - ബിൽ നം. 11/19.3.33<br>- 23894/-(വികസന ഫണ്ട്-എസ്.സി.പി) ബിൽ നം. 12/23.3.33<br>- 3917/- (തനത് ഫണ്ട്) വൗച്ചർ നമ്പർ - 22101547/ 24.3.22<br>ആകെ ചെലവ്- 238383/- |
| നിർവ്വഹണം | അസി.സെക്രട്ടറി |

പദ്ധതി പ്രകാരം ഇൻവോയ്സ് നം. NRO/Sales/649 തീയതി 07.03.2022 പ്രകാരം 53 എണ്ണം കട്ടിലുകളും ഇൻവോയ്സ് നം. NRO/Sales/788 തീയതി 18.03.2022 പ്രകാരം 7 എണ്ണം കട്ടിലുകളും (ആകെ - 60 എണ്ണം) കാഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 59 കട്ടിലുകളാണ് വിതരണം നടത്തിയിട്ടുള്ളത്.

(ഓഡിറ്റ് എൻക്വയറി നം. 10/14.11.2022)

വിതരണം ചെയ്യാതെ ബാക്കി വന്ന ഒരു കട്ടിൽ 2022-23 വർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ അർഹരായവർക്ക് ലഭ്യമാക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. ബാക്കി വന്ന ഒരു കട്ടിൽ വിതരണം ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - ധനവിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവ് തുക | ബിൽ നമ്പർ / വൗച്ചർ നമ്പർ | റിമാർക്സ് | പരാമർശം |
|---|---|---|---|---|---|
| 1. | 111/22- എല്ലാവാർഡുകളിലുംസ്ട്രീറ്റ് മെയിൻ വലിക്കൽ | 1104161/- (ധന കാര്യ കമ്മീഷൻ ഗ്രാന്റ്) | 22101467/ 14. 03.2022 തുക 462295/-<br>22101470/ 14.03.2022 തുക 640001/-<br>22101621/ 31.03.2022 തുക 1865/-(സൂപ്പർവിഷൻ ചാർജ്) | 462295/-രൂപ KSEB ചിറക്കൽ ഡിവിഷന് കൈമാറി.<br>640001 + 1865/- രൂപ KSEB പെരിങ്ങോട്ടുകര ഡിവിഷന് കൈമാറി. | കരാർ, ധനവിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ, പണി പൂർത്തീകരിച്ചതിന്റെ KSEB റിപ്പോർട്ട് എന്നിവ ഇല്ല. |
| 2. | 13/22 കാൻ തൃശ്ശൂർ- വിഹിതം നല്കൽ | 1,00,000/ (തനത് ഫണ്ട്) | 22101603/ 30.3.2022 | ക്യാൻസർ രോഗനിർണ്ണയവും തുടർ ചികിത്സാസംവിധാനങ്ങളും സമഗ്രമായി ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട്. തുക ജില്ലാ പഞ്ചായത്തിന് കൈമാറി | തുക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |

ഓഡിറ്റ് എൻക്വയറി നൽകിയതിന് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം. 1 പ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 1104161/- തടസ്സപ്പെടുത്തുന്നു.
മേൽ പരാമർശം പ്രകാരമുള്ള രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 23/17.11.2022).

## 1-25 അംഗൻ വാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | - 212/22 |
| | വാർഡ് 8 ലെ അംഗൻവാടി നിർമ്മാണത്തിന് തുക കൈമാറൽ |
| ചെലവ് | - 100000/-(വികസന ഫണ്ട്- പൊതു വിഭാഗം - സാധാരണ വിഹിതം) - ബിൽ നം. 39/18.3.33 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | – സെക്രട്ടറി |

എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ 18.1.2022 ലെ ബി 807/എം.ജി.എൻ.ആർ.ഇ.ജി.എസ്/16 നം. കത്ത് പ്രകാരം വാർഡ് 8 ലെ 32-ാം നമ്പർ അംഗൻവാടി നിർമ്മാണത്തിന് വിഹിതം കൈമാറി. അംഗൻവാടി കെട്ടിടം പൂർത്തീകരിച്ചിട്ടില്ലായെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. ആയതിന്റെ പൂർത്തീകരണ രേഖകൾ, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 23/17.11.2022)

## 1-26 വാഹനം വാങ്ങിയതിന്റെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | - 179/22 |
| | പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ |
| ചെലവ് | - 8,90,000/-(വികസന ഫണ്ട്- പൊതു വിഭാഗം - സാധാരണ വിഹിതം) + 1,10,000/- (തനത് ഫണ്ട്)<br>ആകെ 10,00,000/-<br>841962/-( ബിൽ നം. 20/ 28.10.21) |

| | |
|---|---|
| | 13054/-(ബിൽ നം. /21/29.11.21)<br>25163/-(ബിൽ നം. /23/29.11.21)<br>9821/-(ബിൽ നം. /30/.6.1.22)<br>98699/-(വൗച്ചർ നം.<br>11301/-(വൗച്ചർ നം. 22101084/ 3.1.22) |
| നിർവ്വഹണം | – സെക്രട്ടറി |

ടി പദ്ധതി പ്രകാരം മഹീന്ദ്ര ബോലോറോ B56 മോഡൽ വാഹനം വാങ്ങിയിട്ടുണ്ട്. ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 23/17.11.2022)

## 1-27 ചെമ്മാപ്പിള്ളി ഥുക്കപാലം - അറ്റകുറ്റ പണി - ഗ്യാരണ്ടി സംബന്ധിച്ച് കരാറിലേർപ്പെടേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | - 124/22 |
| | ചെമ്മാപ്പിള്ളി ഥുക്ക പാലം അറ്റകുറ്റപണി |
| ചെലവ് | 138000/-(ജില്ലാ പഞ്ചായത്ത്)<br>550000/-(ബ്ലോക്ക് പഞ്ചായത്ത്)<br>270963/-(മറ്റ് ഗ്രാമപഞ്ചായത്ത്)<br>-----------<br>2200963/- |
| ബിൽ നം/ വൗച്ചർ നം. / തീയതി | 334743/- (22101017/ 10.12.2021)<br>380000/- (24/ 13.12.2021)<br>550000/- (<br>665257/<br>270963/- |
| നിർവ്വഹണം | – സെക്രട്ടറി |

നാട്ടിക- താന്ന്യം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെമ്മാപ്പിള്ളി ഥുക്കപാലം ദുരന്ത പ്രതികരണ നിധിയുടെ ഫണ്ട് ഉപയോഗിച്ച് KEL നിർമ്മിച്ചിട്ടുള്ളതും ആയത് അപകടാവസ്ഥയിലായതിനെ ഇുടർന്ന് ബഹു. ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം (27.9.2019 ൽ ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗ മിനിറ്റ്സ്) ആയതിന്റെ അറ്റകുറ്റ പണിക്കുള്ള പദ്ധതി നടപ്പിലാക്കുന്നതിന് താന്ന്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിച്ചിട്ടുണ്ട്. സ.ഉ. (സാധാ) 1848/ 2020/ ത.സ്വ.ഭ.വ. തീയതി 08.10.2020 പ്രകാരം ടി പദ്ധതിക്ക് പ്രത്യേകാനുമതി ലഭിച്ചിട്ടുണ്ട്. 30.10.2020 തീയതിയിലെ കരാർ പ്രകാരം KEL പണി പൂർത്തീകരിച്ചിട്ടുണ്ട്. കംപ്ലീഷൻ സർട്ടിഫിക്കറ്റ് നം. KMSM-815/4730/2022 തീയതി 17.11.22) പൂർത്തീകരണ തീയതി 15.3.22.
സ.ഉ. (അ) 25/2018/ധനം തീയതി 21.02.2018 പ്രകാരം ഡിഫക്ട് ലയബിലിറ്റി കാലയളവില്ലുള്ള അപാകതകൾ സ്ഥാപനത്തിന്റെ സ്വന്തം ചെലവിൽ നിശ്ചിത സമയത്തിനകം പരിഹരിക്കാം എന്ന കരാർ 200 രൂപയുള്ള മുദ്ര പത്രത്തിൽ സമർപ്പിക്കണം. KEL മായി ഒപ്പുവച്ച കരാറിൽ ഇത്തരത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ടി ആവശ്യപ്രകാരം കത്ത് നൽകിയപ്പോൾ 36 മാസത്തെ ഗ്യാരണ്ടി സർട്ടിഫിക്കറ്റാണ് ലഭ്യമാക്കിയിട്ടുള്ളത്. (നം. KMSM-815/2697/2021 തീയതി 21.9.21). മുൻപ് KEL തന്നെ പണി പൂർത്തീകരിച്ചിട്ടുള്ള ടി പാലത്തിന് 2 വർഷത്തിനകം കേടുപാടുകൾ സംഭവിച്ചിട്ടുള്ളതെന്നും ആയതിന് യഥാസമയം അറ്റകുറ്റപണി നടത്താത്തതുകൊണ്ടാണ് ഇത്തരത്തിൽ കേടു വന്നിട്ടുള്ളതെന്നും 10/8/2021 തീയതിയിലെ അവലോകന യോഗത്തിൽ വിലയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ KEL മായി മേൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി സാധുതയുള്ള കരാറിൽ ഏർപ്പെടേണ്ടതുംമേൽ അപാകത പരിഹരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 23/17.11.2022)

## 1-28 തെരുവു വിളക്ക് - രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

പദ്ധതി നം. - 4/22

തെരുവുവിളക്ക് അറ്റകുറ്റ പണി

ചെലവ്- 324751/-(വികസന ഫണ്ട്- പൊതുവിഭാഗം - സാധാരണ വിഹിതം)

നിർവ്വഹണം -സെക്രട്ടറി

ടി പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വാർഡ് തലത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റുകളുടെ എണ്ണം എന്നിവ സംബന്ധിച്ച് കണക്കുകൾ തയ്യാറാക്കിയിട്ടില്ല. ഇപ്രകാരം തയ്യാറാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ അല്ല തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നല്കിയതിന് കെ.എസ്.ഇ.ബി പെരിങ്ങോട്ടുകര

സെക്ഷനിലേക്ക് അറിയിച്ചെങ്കിലും കെ.എസ്.ഇ.ബി അധികൃതർ പരിശോധന നടത്തിയിട്ടില്ല എന്നാണ് മറുപടി നൽകിയത്.

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 -ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറിക്ക് തുടർവർഷങ്ങളിൽ ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ഡെപ്പോസിറ്റ് പ്രവൃത്തി - പണി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് ലഭ്യമല്ല.

A) കേരള വാട്ടർ അതോറിറ്റി

| ക്രമനം | വൗച്ചർ നം . തീയതി | നല്കിയ തുക | ഉദ്ദേശ്യം |
|---|---|---|---|
| 1 | 22100795/ 26.10.21 | 5500/- | പനോലി ടെമ്പിൾ റോഡിലെ പ്രവൃത്തി |
| 2 | 22100796/ 27.10.21 | 5500/- | രാപ്പാടി റോഡിലെ പ്രവൃത്തി |
| 3 | 22100797/ 26.10.21 | 11000/- | വാർഡ് 8 ലെ പ്രവൃത്തി |
| 4 | 22100798/ 26.10.21 | 22000/- | വാർഡ് 9,17,4,5ലെ പ്രവൃത്തി |
| 5 | 22100799/ 26.10.21 | 5000/- | തോട്ടൻ ചിറ - പ്രവൃത്തി |
| 6 | 22100934/ 24.11.21 | 16600/- | വിവിധ പ്രവൃത്തികൾക്കായി നൽകിയ തുക |

B)കെ.എസ്.ഇ.ബി

| ക്രമനം | വൗച്ചർ നം . തീയതി | നല്കിയ തുക | ഉദ്ദേശ്യം |
|---|---|---|---|
| 1 | 22101489/ 17.3.22 | 34368/- | കാർഷിക ക്ലിനിക്കിലെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് വേണ്ടി പോസ്റ്റ് ഷിഫ്റ്റിംഗ്, സൂപ്പർ വിഷൻ ചാർജിനത്തിലുള്ള തുക കെ.എസ്.ഇ.ബി ക്ക് കൈമാറി |

മേൽ പണികൾ പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട്, ഫൈനൽ ബിൽ, ധനവിനിയോഗസാക്ഷ്യപത്രം , നിർവ്വഹണ ഏജൻസികളുമായി ഒപ്പുവച്ചകരാർ എന്നിവ ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് ഏൻക്വയറി നം.28/17.11.2022)

## 1-30 അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം

താന്ന്യം പഞ്ചായത്തിൽ നിലവിൽ ഇരുപത്തിയെട്ട് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ സ്വന്തമായി കെട്ടിടമുള്ളത് ഇരുപത്തിമൂന്നെണ്ണത്തിനാണ്, ഒരെണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. നാലെണ്ണം വാടക ഇല്ലാത്ത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പതിനേഴെണ്ണത്തിന് ചുറ്റുമതിലുള്ളപ്പോൾ എല്ലായിടത്തും ധാന്യസംഭരണിയും, എൽ.പി.ജി. കണക്ഷനുമുണ്ട്. വാട്ടർ കണക്ഷനുള്ളത് ഇരുപതെണ്ണത്തിനാണ്. എട്ടെണ്ണത്തിൽ കിണർ/പൊതുടാപ്പ് വെള്ളം ഉപയോഗിക്കുന്നു.

ബേബി ഫ്രണ്ടിലിയായ അങ്കണവാടി ഏഴെണ്ണമുണ്ട്, പോഷകാഹാരവിതരണം ഫലപ്രദമാണെന്ന് വിലയിരുത്തുന്നതിനായി എല്ലായിടത്തും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങൾ കൂടാറുണ്ടെന്നത് സ്വാഗതാർഹമാണ്. ബേബി ഫ്രണ്ടിലിയായ അങ്കണവാടി ഏഴെണ്ണം മാത്രമാണെന്നതും, പോരായ്മയായി ഓഡിറ്റ് വീക്ഷിക്കുന്നു. ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൂടാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവക്ക് സ്വന്തം സ്ഥലം കണ്ടെത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 തൊഴിലുറപ്പ് പദ്ധതി അവലോകനം

2021-22 വർഷത്തിൽ താന്ന്യം പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വരവ് (മുന്നിരിപ്പ് അടക്കം) | 28370266 |
| ആകെ ചെലവ് | 28370250 |
| നീക്കിയിരുപ്പ് | 16 |
| തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം | 1177 |
| നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ | 589 |
| വിഭാവനം ചെയ്ത പദ്ധതികൾ | 853 |
| പൂർത്തിയാക്കിയ പദ്ധതികൾ | 131 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 4959 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 79243 |

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 15% മാത്രം പൂർത്തിയാക്കിയിട്ടുള്ളതായും, എന്നാൽ മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു. തൊഴിൽ ലഭ്യമാക്കിയ 1177 കുടുംബങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 589 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വരും വർഷങ്ങളിൽ കൂടുതൽ വൈവിദ്ധ്യമുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ജൈവ പച്ചക്കറി -പന്ത്രണ്ടിന-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണം.

കൃഷി ഓഫീസർ നടപ്പാക്കിയ നം.154/21-22 (സ്പിൽ ഓവർ) ,നം.27/21-22 പന്ത്രണ്ടിന പരിപാടി -ജൈവ പച്ചക്കറി കൃഷി വികസനം പദ്ധതികൾ പ്രകാരം യഥാക്രമം 3,25,500 രൂപ,7,10,000 വകയിരുത്തി ചെലവഴിച്ചിട്ടുണ്ട് , ഗ്രോ ബാഗ് നൽകൽ, വിത്ത്,വളം നൽകൽ, വൃക്ഷതൈകൾ നട്ട് പരിപാലിക്കൽ എന്നീ പ്രവർത്തനങ്ങളാണ്പ്രധാനമായും നടത്തിയിരിക്കുന്നത്. 6-3 -20 തിയ്യതിയിലെ സ.ഉ.(കൈ)നം.45/2020/ത.സ്വ.ഭ.വ പന്ത്രണ്ടിന പരിപാടി പ്രകാരം കേരളത്തിലെ കാലാവസ്ഥയിൽ പച്ചക്കറി കൃഷിക്ക് ഏറ്റവും അനുയോജ്യം മഴമറ സംവിധാനമാണ്.ആയതിനാൽ പച്ചക്കറി കൃഷി വിജയപ്രദമായി നടപ്പാക്കണമെങ്കിൽ മഴമറ സംവിധാനം പ്രോജക്ടായി ഏറ്റെടുക്കണമെന്ന് 14-02-18ലെ സ.ഉ.(കൈ)നം 22/18 ത.സ്വ.ഭ.വ മാർഗ്ഗരേഖയിൽ നിർദ്ധേശിച്ചിട്ടുണ്ട് .2021-22 വർഷത്തിൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ലെന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.21ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വ്യക്തിഗതമായി പച്ചക്കറി വിത്തുകളും മറ്റും നൽകുന്നതിനേക്കാൾ കൂടുതൽ അഭികാമ്യം സർക്കാർ നിർദ്ധേശ പ്രകാരമുള്ള ഇത്തരം പ്രവർത്തനങ്ങളാണ്. ആയതിനാൽ വരും വർഷങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതാണ്.

## 1-33 ഡോഗ് ലൈസൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പഞ്ചായത്തിൽ നായ/പന്നി ലൈസൻസ് അനുവദിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 21-22 വർഷത്തിൽ 127 നായകൾക്ക് ഫീസ് അടച്ച് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്തിൽ നിലവിലുള്ള നായകളുടെ എണ്ണത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.5 തി.10/11/22ന് ലഭ്യമാക്കിയ മറുപടി പ്രകാരം 397 എണ്ണത്തിന് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ടെന്ന് വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. എല്ലാ നായകൾക്കും ലൈസൻസ് എടുക്കുന്നില്ലെന്നും, പേ വിഷത്തിനുള്ള പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നില്ലെന്നും വ്യക്തമാണ്, മാത്രമല്ല ഫീസ് ഇനത്തിൽ കിട്ടേണ്ട 3970 രൂപയിൽ 1270 രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. കേരള പഞ്ചായത്ത് രാജ് റൂൾ4/1998 പ്രകാരം വളർത്തു നായകൾക്ക് നിർബന്ധമായും ലൈസൻസ് എടുക്കേണ്ടതാണ്. ബഹു. കേരള ഹൈക്കോടതിയുടെ 14/7/21, 19/7/21 തിയ്യതികളിലെ ഇടക്കാല ഉത്തരവ് നം.W.P(C) No.13204/2021 പ്രകാരം എല്ലാ ഇനത്തിലുമുള്ള വളർത്തു മൃഗങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കേണ്ടതാണ്.

വളർത്തു നായ്ക്കളിൽ നിന്ന് പേ വിഷബാധയേറ്റുള്ള മരണങ്ങൾ സംസ്ഥാനത്ത് അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ, ബഹു. ഹൈകോടതിയുടെ ഉത്തരവ് മാനിച്ചു കൊണ്ട്, 8/8/21 തിയ്യതിയിലെ സർക്കുലർ നം.RC3/241/ത.സ്വ.ഭ.വ പ്രകാരം ആവശ്യമായ ബോധവൽക്കരണം നടത്തി ലൈസൻസ് നൽകേണ്ടതാണ്.

## 1-34 ലോഗ് ബുക്ക് പരിപാലനം - അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 8 എ.എൻ -5163, കെ.എൽ.75 ബി-6199 ബൊലറൊ ജീപ്പുകളുടെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3) വാഹനം ലേലനടപടികൾ പൂർത്തിയാക്കി കൈമാറിയ വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4) പുതിയ വാഹനം വാങ്ങിയിട്ടുള്ളതിന്റെ വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-35 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു വിവരങ്ങൾ

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 വർഷത്തിൽ 45പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. തൻവർഷം 64 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടായിരുന്നു. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 19 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയില്ല. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തൻവർഷം ആകെ അടങ്കൽ - 33997960/- രൂപയും, ആകെ ചെലവ് - 16630406/- രൂപയുമാണ്. ആകെ ചെയ്ത പ്രവൃത്തികളുടെ ചെലവ് 48.92% ആണ്. ഫണ്ടിന്റെ ലഭ്യത കുറവ്, മറ്റു വകുപ്പുകളിൽ നിന്നും Noc ലഭിക്കുവാനുണ്ടായ കാലതാമസം, കോവിഡ് വ്യാപനം, കരാറുകാരുടെ ടെണ്ടർ ബഹിഷ്ക്കരണം എന്നിവ മൂലമാണ് ചെലവിന്റെ ശതമാനം കുറവായതെന്ന് എ.ഇ. അറിയിച്ചിട്ടുള്ളത്. ഇ – ടെണ്ടർ ഫീ ഇനത്തിൽ തൻവർഷം 95816/ – രൂപ ലഭിച്ചിട്ടുണ്ട്. ആയത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. കാന നിർമ്മാണ പ്രവൃത്തികളിൽ ലഭിച്ച മണ്ണ് അസി. എഞ്ചിനിയർ പഞ്ചായത്തിന് കൈമാറിയതായി ഫയലുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പല പ്രവൃത്തികളിൽ നിന്നും ലഭിച്ച മണ്ണ് വാല്യുവേഷൻ നടത്താതെയാണ് പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. എ.ഇ ൽ നിന്ന് ലഭിച്ച മണ്ണ് പഞ്ചായത്ത് ശ്മശാനം ലെവൽ ചെയ്യുന്നതിനായി ശ്മശാനത്തിൽ നിക്ഷേപിച്ചിട്ടുണ്ട് എന്ന് മറുപടി നല്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണത്തിൽ പ്രവർത്തന കലണ്ടർ പൂർണ്ണമായും പാലിക്കുന്നില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിൽ മത്സരാധിഷ്ഠിത ടെണ്ടർ തുലോം കുറവായി കാണുന്നു. പലപ്പോഴും ടെണ്ടർ എടുക്കാൻ ആളില്ലാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. റീ ടെണ്ടർ നടപടികളും പലപ്പോഴും ഫലവത്തായി കാണുന്നില്ല. പലപ്പോഴും ക്വട്ടേഷൻ നടപടികൾ മുഖേനയാണ് ടെണ്ടർ ഉറപ്പിക്കുന്നത്. മുഖ്യമായും റോഡ് നിർമ്മാണ പ്രവൃത്തികൾ, ടാറിംഗ്, റീ-ടാറിംഗ്, കാന നിർമ്മാണ പ്രവൃത്തികളാണ് എന്നിവയാണ് ചെയ്തിട്ടുള്ളത്. മത്സാരാധിഷ്ടിത ടെണ്ടർ നടപടിക്രമ സംവിധാനം ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലായിട്ടില്ല.മത്സാരാധിഷ്ഠിത ടെണ്ടറുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എന്നാൽ പ്രോജക്ട് നിർവ്വഹണ, പൂർത്തികരണ ഘട്ടങ്ങളിൽ മോണിട്ടറിംഗ് കമ്മിറ്റികൾ ഫലപ്രദമായി ഇടപെടലുകൾ നടത്തുന്നില്ല. പ്രോജക്ട് ഫയലിൽ പൂർത്തീകരണ സാക്ഷ്യപത്രം സൂക്ഷിക്കുന്നുണ്ടെങ്കിലും മുഴവൻ പ്രവൃത്തികളുടെ മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ,പ്രോജക്ട് രജിസ്റ്റർ, കാഷ് ബുക്ക് എന്നിവ ഏറെകുറെ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. കാഷ് ബുക്ക് TR 7A മാതൃകയിൽ എഴുതി സൂക്ഷിക്കുന്നുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതും ആയതിന് മറുപടി നൽകേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 275000 | ചെമ്മാപ്പിള്ളി തൂക്കുപാലം | 275000 |
| | | 275000 | ചെമ്മാപ്പിള്ളി തൂക്കുപാലം | 275000 |
| | | 260000 | നെൽകൃഷി | 260000 |
| | | 100000 | പാലിയേറ്റീവ് | 99996 |
| | | 100000 | അങ്കണവാടി പോഷകാഹാരം | 100000 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 |
| | | 100000 | ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് സബ്സിഡി | 100000 |
| | | 177549 | കണ്ടനിക്കളപ്പാടത്ത് തകർന്ന് കിടക്കുന്ന മോട്ടോർ ഷെഡ് പുതുക്കി നിർമിക്കൽ | 177549 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 213050 | വയോജന ക്ഷേമം | 209122 |
| | | 385987 | വികലാംഗ ക്ഷേമം | 137254 |
| | | 665257 | ചെമ്മാപ്പിള്ളി തൂക്കുപാലം | 665257 |
| | | 764013 | വികലാംഗ ക്ഷേമം | 720813 |
| | | 500000 | എ.ആർ റോഡ് | 500000 |
| | | 800000 | ജലരക്ഷ - ജീവരക്ഷ | 592145 |
| | | 714743 | ചെമ്മാപ്പിള്ളി തൂക്കുപാലം | 714743 |
| | | 306260 | നെൽകൃഷി | 306260 |
| | | 299909 | പാലിയേറ്റീവ് കെയർ | 299909 |
| | | 210000 | ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് സബ്സിഡി | 210000 |
| | | 1190000 | ലൈഫ് പദ്ധതി-ഭൂമി വാങ്ങൽ -ഭവന നിർമ്മാണം(എസ്സി) | 1190000 |
| | | 70258 | കോവിഡ് | 70258 |

| | | | | |
|---|---|---|---|---|
| | | | പ്രതിരോധപ്രവർത്തനം | |
| | | 200000 | അംഗണവാടികളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൌകര്യ വിപുലികരണവും- | 200000 |
| മറ്റ് ഗ്രാമപഞ്ചായത്തുകൾ | 2021-22 | 270963 | ചെമ്മാപ്പിള്ളി ശുക്കുപാലം | 270963 |

സ്ഥാപനം ലഭ്യമാക്കിയതു പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർനം. / ചെക്ക്നം / തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 111/22 – സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22101467/ 14.03.2022 തുക – 462295/-<br>22101470/ 14.03.2022 തുക 640001/-<br>22101621/ 31.03.2022 തുക 1865/- | 1104161 | 0 | 1104161 |
| KWA | വിവിധ പ്രവർത്തികൾക്ക് ഡെപ്പോസിറ്റ് ചെയ്തത് | 22100795,<br>22100796,<br>22100797,<br>22100798,<br>22100799<br>Dt 27.10.21<br>22100934<br>Dt 24.11.21 | 65600 | 0 | 65600 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 സ്ഥിര നിക്ഷേപം

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വായ്പയുടെ തുക വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് മിഷൻ–KURDFC | -- | | 8072602 | 1642666 | 6429936 |

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 2014-15 | 2 | 2016 | 2-2<br>2-4 | വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച് മൊബൈൽ ടവറുകളുടെ വസ്തുനികുതി | 2017-18 വർഷം മുതൽ 100% വസ്തുനികുതി പിരിച്ചുവരുന്നുണ്ട്.<br>പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ ടവറുകളുടെയും വസ്തുനികുതി പിരിച്ചിട്ടുള്ളതാണ്. 2017-18 വർഷം മുതൽ 100% വസ്തുനികുതി പിരിച്ചുവരുന്നുണ്ട് |

സ്ഥാപനം ലഭ്യമാക്കിയതിന്റെ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91970294 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90751768 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1246329 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 82168/- | ഡോ.റെജീന ,മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. |
| 1 -21 | 60000/- | ഡോ.റെജീന ,മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. |
| 1-24 | 1104161/- | അനിൽ കെ.പി.,സെക്രട്ടറി |
| ആകെ | 1246329/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽ കെ.പി., | സെക്രട്ടറി, താന്ന്യം ഗ്രാമപഞ്ചായത്ത് | കാട്ടുകണ്ടത്തിൽ വീട് , ഇരിങ്ങാലക്കട നോർത്ത് പി.ഒ., തൃശ്ശൂർ 680125 |

| | | |
|---|---|---|
| ഡോ.റെജീന | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. | മേലായിൽ വീട്, കൊച്ചന്നൂർ 679562 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷി-ക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 | LFT-15-128/93 Dt.13.7.99 | 5 | 30 | Case |
| | | | | 34, 38, 39, 43b | Surcharge |
| 2 | 1998-99 വരവ് | LFT11-1785/01 Dt.3.9.02 | 1 | 19 | |
| 3 | 2001-02 (ജനകീയാ-സൂത്രണം) | LFT-11-1734/03 Dt.9.6.04 | 2 | 8, 10സി, 10എഫ് | Surcharge |
| 4 | 2003-04 | LFT-11-2614/08 Dt21.7.10 | 3 | 3-3(ക്രമ നം 16, 82, 93, 102) | |
| | | | | 3-10, 3-11 | |
| 5 | 2004-05 | LFT.11-64/2009 Dt.25.5.10 | 3 | 3-2, 3-10(2), 3-13 | |
| 6 | 2005-06 | LFT-11-29/2010 Dt.29.1.11/29.6.11 | 10 | 2-2, 3-1, 3-6, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15 | |
| 7 | 2006-07 | LFT.11.30/10 Dt.29.1.11/29.6.11 | 4 | 3-1, 3-5(2,5), 3-8, 3-11 | |
| 8 | 2008-09 | LFT-P9-686/12 Dt.4.12.12 | 4 | 3-2(4), 3-3, 3-5(1), 3-6 | |
| 9 | 2009-10 | LFT-P2-687/12 Dt.13.6.12 | 2 | 3-1 (1,2,3,4,5,6,11,12) | |
| | | | | 3-2 | |
| 10 | 2010-11 | LFT-P2-688/12 Dt.13.6.12/6.8.12 | 2 | 3-6(1, 2, 4) 3-7 | |
| 11 | 2011-12 | LFT-P2-910/13 Dt.3.12.13/13.3.14 | 1 | 3-4(1,2,3,5,6) | |
| 12 | 2012-13 | LFT-P2-848/2014 Dt.2.12.14/5.3.15 | 1 | 3-5 | |
| 13 | 2013-14 2014-15 | KSA.TSR-P2-370/16 Dt.29.03.16 | 8 | 2-2 , 2-4 | CAR |
| | | | | 2-6, 3-14(2), 3-18, 3-19, 3-20, 3-28 | |
| 14 | 2016-17 | KSATSR(P2)1404/2017 Dt.14.9.17 | 1 | 3-1 | |
| 15 | 2018-19 | KSATSR-P2-1693/19 Dt.21.12.19 | 2 | 1-16, 1-20 | |
| 15 | 2019-20 | KSATSR-P14-1506/21 Dt.01.04.22 | 31 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-35, 1-36, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-37, 1-38, 1-39, 1-40, 1-41, 3-1 | |
| 15 | 2020-21 | KSATSR-P14-1507/21 Dt.17.05.22 | 36 | 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45 | |
| | ആകെ | | 116 | | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്